(ബി-ഡി) അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനമാണ് മുഖ്യലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെ കേരളത്തെ വ്യവസായത്തിന് അനുയോജ്യമായ സംസ്ഥാനമാക്കി മാറ്റിയെടുക്കും. ഇത് പുതിയ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അങ്ങനെ വ്യാവസായിക രംഗത്ത് മുന്നേറ്റം നടത്തുന്നതിനും സംസ്ഥാനത്തെ പര്യാപ്തമാക്കും. ഈ പദ്ധതികളിലൂടെയും പുതിയ വ്യവസായ സംരംഭങ്ങളിലൂടെയും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനും സാധിക്കും. പദ്ധതികളുടെ നടത്തിപ്പ് അതത് വകുപ്പ് മന്ത്രിമാരും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും മോണിറ്റർ ചെയ്യാറുണ്ട്. ഇതിന് പുറമേ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും മുഖ്യമന്ത്രിയും പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

നീതി ആയോഗ്

54 (†1452) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ രൂപീകരിച്ച നീതി ആയോഗിന്റെ ഘടനമൂലം സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ മാർച്ച് 31-നകം പൂർത്തിയാക്കി ബില്ലുകൾ നൽകണമെന്ന വ്യവസ്ഥ വച്ചിട്ടുണ്ടോ ;

(ഡി) സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലെ ഇത്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തത ഉണ്ടാകുകയും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്താൽ മാത്രമേ സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാകുമോ എന്ന് വ്യക്തമാകുകയുള്ളൂ.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) തത്കാലം ഉദ്ദേശിക്കുന്നില്ല. നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തമായ വിവരം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഇപ്രകാരം വ്യവസ്ഥ വച്ചതായി അറിവില്ല.

(ഡി) പരിശോധിക്കുന്നതാണ്.

പതിനാലാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനം

55 (1453) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലാം ധനകാര്യ കമ്മീഷന് സംസ്ഥാനം നൽകിയിരുന്ന നിവേദനത്തിൽ ഉന്നയിച്ച എന്തെല്ലാം ആവശ്യങ്ങൾ കമ്മീഷൻ അംഗീകരിക്കുകയുണ്ടായി; വിശദമാക്കാമോ;

(ബി) എന്തെങ്കിലും ആവശ്യം പൂർണ്ണമായും അവഗണിക്കപ്പെടുകയുണ്ടായോ ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച നിലപാട് സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. ഇത് 42 ശതമാനമായി ഉയർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ 2.5 ശതമാനം ഇക (സർവ്വീസ് ടാക്സ് ഒഴികെ) കേരളത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യക്ക് (1971 അടിസ്ഥാനമാക്കിയുള്ള) മുൻതൂക്കം നൽകണമെന്നും ജനസംഖ്യയോടൊപ്പം വനപ്രദേശം കൂടി കണക്കിലെടുക്കണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1971-ലെ ജനസംഖ്യക്ക് 17.5 ശതമാനം വെയിറ്റേജ് മാത്രമാണ് നൽകിയിട്ടുള്ളത്. വനവിസ്തൃതി ഒരു മാനദണ്ഡമായി പരിഗണിക്കുകയും അതിന് 7.5 ശതമാനം വെയിറ്റേജും നൽകിയിട്ടുണ്ട്. ധന അച്ചടക്കം മാനദണ്ഡമാക്കരുതെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly